**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1352** **11-09-2023 - ൽ മറുപടിയ്ക്ക്**

**അഴീക്കോട്-മുനമ്പം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം-തൃശ്ശൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും തീരദേശ ഹൈവേയുടെ ഭാഗവുമായ നിർദിഷ്ട അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നര വർഷം കൊണ്ട് പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിക്കുവാനായി എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 1. അഴിക്കോട് - മുനമ്പം പാലത്തിന് 10.07.2017 ൽ 160 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതിയും 14.08.2020 ൽ 154.626 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 16.12.2021 ൽ 143.15 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.. 24.12.2021- ൽ ഇ-ടെൻഡർ നടത്തുകയും ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മെ. ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനിക്ക് 12.11% അധിക നിരക്കിൽ 143.28 കോടി രൂപയ്ക്ക് ടെൻഡർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. 10.07.2023-ൽ നൽകിയ വർക്ക് ഓർഡറിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുകയും ചെയ്തു. പാലത്തിന്റെ ഡിസൈൻ അന്തിമമാക്കുന്നതിനുവേണ്ടിയുള്ള മണ്ണ് പരിശോധനയും ടെസ്റ്റ് പൈലിന്റെ പ്രവൃത്തികളുമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നിലവിൽ ഈ പ്രവൃത്തിക്ക് അനുവദിച്ചിരുന്ന സാമ്പത്തികാനുമതി തുകയേക്കാൾ 17.41% അധികം തുക ഉൾപ്പെടെ 181.55 കോടി രൂപയുടെ സാമ്പത്തികാനുമതി ആവശ്യമുണ്ട്. പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചാലുടൻ തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |
| (ബി) | മാസം തോറും എം.എൽ.എ.മാർ കെ.ആർ.എഫ്.ബി., കിഫ്ബി, കരാറുകാർ, മറ്റ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി റിവ്യൂ മീറ്റിംഗ് കൂടുന്നതിനുള്ള ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ബി) | നിശ്ചിത ഇടവേളകളിൽ എം.എൽ.എ.മാർ കെ.ആർ.എഫ്.ബി, കിഫ്ബി, കരാറുകാർ, മറ്റ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി റിവ്യൂ മീറ്റിംഗ് കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ